**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2125 06.02.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഒറ്റപ്പാലം താലൂക്ക് ആശുപത്രി**

| | ചോദ്യം<br><br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ 250 കിടക്കകളോടുകൂടിയ ജില്ലാ ആശുപത്രി പദവിയിലേക്കുയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | ഉണ്ട്. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ 02.02.2016-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.<br>ആശുപത്രികളുടെ പദവി ഉയർത്തുന്നതിനു പകരം നിശ്ചിത മാനദണ്ഡം അനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും, ആശുപത്രികളെ അംഗീകൃതനിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളുടെ പട്ടികയിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തുകയും ജൂനിയർ കൺസൾട്ടന്റ്, സ്റ്റാഫ് നഴ്സ്, ദന്തൽ മെക്കാനിക് എന്നിവയുടെ ഓരോ തസ്തികയും, ഡയാലിസിസ് ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ എന്നിവയുടെ രണ്ടു വീതം തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള ഭൗതികസാഹചര്യം ലഭ്യമായ ഈ ആശുപത്രിയെ 2018-19 സാമ്പത്തിക വർഷത്തിൽ മിനിമം അംഗീകാര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന താലൂക്കാശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അതിനായി എന്തെല്ലാം ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | അതിന് ആവശ്യമായി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | | |
| (ഡി) | ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ സമ്പൂർണ്ണവികസനം നടപ്പിലാക്കുന്നതിനായുള്ള മാസ്റ്റർപ്ലാൻ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | മാസ്റ്റർ പ്ലാൻ സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ